## വനിതാ ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ. ഹരിത വി കുമാർ,ഐ.എ.എസ്)

വിഷയം:- വനിത ശിശു വികസന വകുപ്പ് –ജീവനക്കാര്യം-ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് III തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1) സ ഉ (കൈ) 06/2021/സാനീവ തിയതി 15/02/2021

2) വനിതാ- ശിശുവികസന ഡയറക്ടറുടെ 04/09/2021 തിയതിയിലെ WCD/E8/16007/2020 നമ്പർ ഉത്തരവ്

3) വനിതാ ശിശുവികസന ഡയറക്ടറുടെ 07/03/2026 തിയതിയിലെ DWCD/2931/2025/E7 നമ്പർ ഉത്തരവ്

**ഉത്തരവ് നം: DWCD/3431/2023-E7 തീയതി: 12-03-2026**

സാമൂഹ്യനീതി വകുപ്പ് വിഭജിച്ച് സാമൂഹ്യനീതി വകുപ്പും വനിതാ ശിശുവികസന വകുപ്പും രൂപീകരിച്ച സാഹചര്യത്തിൽ ഇരു വകുപ്പുകൾക്കും പ്രത്യേകമായി വിശേഷാൽ ചട്ടങ്ങൾ രൂപീകരിക്കുന്നത് വരെ ക്ഷേമ സ്ഥാപന സൂപ്രണ്ട് തസ്തികകളുടെ സ്ഥാനക്കയറ്റ വ്യവസ്ഥകൾ താൽക്കാലികമായി നിർണ്ണയിച്ച് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം, ക്ഷേമ സ്ഥാപനങ്ങളിലെ സൂപ്രണ്ട് ഗ്രേഡ് III /ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികകളിലേയ്ക്ക് ഫീഡർ കാറ്റഗറിയിലെ ജീവനക്കാരുടെ സംയുക്ത സീനിയോറിറ്റി ലിസ്റ്റിൽ നിന്നും സ്ഥാനക്കയറ്റം നൽകുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

വനിതാ ശിശുവികസന വകുപ്പിൽ പരാമർശം(3) പ്രകാരം ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് III തസ്തികയിൽ നിന്ന് ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് 2 തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിച്ചത് മുഖേന ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് III തസ്തികയിൽ 2 ഒഴിവുകൾ വനിതാ സ്ഥാപനങ്ങളിൽ നിലവിൽ വന്നിട്ടുണ്ട്.

വനിതാ സ്ഥാപനങ്ങളിൽ വനിതാ ജീവനക്കാരെ മാത്രമേ നിയമിക്കാവുവെന്ന് പരാമർശം(1) സർക്കാർ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ സീനിയറായ പുരുഷ ജീവനക്കാരെ ഒഴിവാക്കി ജൂനിയറായ വനിതാ ജീവനക്കാർക്ക് താൽക്കാലിക ഉദ്യോഗക്കയറ്റം അനുവദിക്കേണ്ടതുണ്ട്. പ്രസ്തുത നിയമനം കെ.എസ് & എസ്.എസ്.ആർ ചട്ടം 31 എ(1) പ്രകാരം തികച്ചും താൽക്കാലികം മാത്രമായിരിക്കുമെന്നും നിലവിലെ നിയമങ്ങൾ പ്രകാരം ആ ജീവനക്കാരുടെ സീനിയോരിറ്റി പ്രകാരമുള്ള അവസരം എത്തുമ്പോൾ മാത്രമേ റഗുലർ പ്രൊമോഷന് അർഹത ഉണ്ടായിരിക്കുകയുള്ളുവെന്നും സർക്കാർ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

പരാമർശം (2) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള അന്തിമ സീനിയോരിറ്റി ലിസ്റ്റിലെ സീനിയോരിറ്റി നം.(23) വരെയുള്ള ഉദ്യോഗക്കയറ്റത്തിന് യോഗ്യരായ പുരുഷ ജീവനക്കാർക്കും സീനിയോരിറ്റി നം.(54) വരെയുള്ള വനിതാ ജീവനക്കാർക്കും ക്ഷേമസ്ഥാപനങ്ങളുടെ ഘടനയനുസരിച്ച് (പുരുഷ/വനിതാ താമസക്കാരുടെ സ്ഥാപനങ്ങൾ) ഇതിനോടകം സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്.നിലവിലുള്ള രണ്ട് ഒഴിവുകൾ വനിതാ സ്ഥാപനങ്ങളിൽ ആയതിനാൽ ചുവടെ പറയുന്ന ജീവനക്കാർ ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് III തസ്തികയിലേയ്ക്ക് താൽക്കാലിക ഉദ്യോഗക്കയറ്റത്തിന് അർഹരാണ്.

സീനിയോരിറ്റി നം.(55) ശ്രീമതി സാറാമ്മ ജോയി

സീനിയോരിറ്റി നം.(56) ശ്രീമതി ശ്രീജ എം.കെ

ഈ സാഹചര്യത്തിൽ ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് III തസ്തികയിൽ നിലവിലുള്ള ഒഴിവുകളിലേയ്ക്ക് ഉദ്യോഗക്കയറ്റത്തിന് അർഹരായ മേൽ സൂചിപ്പിച്ചിട്ടുള്ള ജീവനക്കാർക്ക്

കെ.എസ് & എസ്.എസ്.ആർ ചട്ടം 31 എ(1) പ്രകാരം 39300-83000 രൂപ ശമ്പള സ്കെയിലിൽ താൽക്കാലികമായി ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് III തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിച്ച് ചുവടെ പേരിന് നേരെ ചേർത്തിട്ടുള്ള കാര്യാലയത്തിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം | പേര്,തസ്തിക,ഇപ്പോൾ ജോലി നോക്കുന്ന കാര്യാലയം | ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന തസ്തിക, കാര്യാലയം |
|---|---|---|
| 1 | ശ്രീമതി സാറാമ്മ ജോയി<br>കെയർടേക്കർ(ഫീമെയിൽ)<br>ഗവ. ചിൽഡ്രൻസ് ഹോം, പത്തനംതിട്ട<br>പെൻ നം.786255 | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് III<br>ഗവ.മഹിളാ മന്ദിരം,കോട്ടയം |
| 2 | ശ്രീമതി ശ്രീജ എം.കെ<br>കെയർടേക്കർ(ഫീമെയിൽ)<br>ഗവ. ചിൽഡ്രൻസ് ഹോം<br>(ഗേൾസ്),കോഴിക്കോട്<br>പെൻ നം.786556 | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് III<br>ഗവ.മഹിളാ മന്ദിരം,തൃശ്ശൂർ |

ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാർക്ക് നിയമാനുസൃത പ്രവേശന കാലത്തിനും യാത്രാബത്തയ്ക്കും അർഹതയുണ്ടായിരിക്കുന്നതാണ്.ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരെ ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതും ജീവനക്കാരുടെ വിടുതൽ/പ്രവേശനം സംബന്ധിച്ച വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

HARITHA V KUMAR IAS

**വനിത ശിശു വികസന ഡയറക്ടർ**

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ് :

1) ബന്ധപ്പെട്ട ക്ഷേമസ്ഥാപന സൂപ്രണ്ടുമാർക്ക്

2) സൂപ്രണ്ട്-ഐ.റ്റി സെൽ(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

**ഉത്തരവിൻ പ്രകാരം**

Suriab

**സൂപ്രണ്ട്**